ക്രോപ്പ് (വിള) ഇൻഷ്വറൻസ്

147 (3431) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ കർഷകർക്കായി നടപ്പാക്കിയിട്ടുള്ള ക്രോപ്പ് ഇൻഷ്വറൻസ് ഏതെല്ലാം വിളകൾക്കാണ് ബാധകമാക്കിയിരിക്കുന്നത് എന്നറിയിക്കാമോ ;

(ബി) ഇൻഷ്വർ ചെയ്തിട്ടുള്ള പ്രസ്തുത വിളകളുടെ നാശവുമായി ബന്ധപ്പെട്ട് ലഭ്യമാക്കുന്ന ഇൻഷ്വറൻസ് കോമ്പൻസേഷൻ തുക എത്രയാണെന്നും ആയതിലുള്ള മാനദണ്ഡമെന്തെല്ലാമെന്നും അറിയിക്കുമോ ;

(സി) ഈ തുകകൾ കാലോചിതമായി പരിഷ്കരിച്ചിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ വിള ഇൻഷ്വറൻസ് തുകകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് വേണ്ട നടപടിയുണ്ടാകുമോ ?

ഉത്തരം

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത കാർഷിക വിളകൾക്ക് നഷ്ടപരിഹാരം നൽകി വരുന്നു. കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, ഇഞ്ചി, മഞ്ഞൾ, മരച്ചീനി, കൊക്കോ, നിലക്കടല, കാപ്പി, തേയില, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പൂകയില, നെല്ല് എന്നീ വിളകൾക്ക് പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു.

(ബി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പദ്ധതിയിൽ ചേരുന്ന കർഷകൻ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ചിരിക്കേണ്ടതാണ്. പ്രീമിയം തുക അടച്ച ദിവസം മുതൽ ഏഴ ദിവസങ്ങൾക്ക് ശേഷം മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളൂ. ഇൻഷ്വറൻസ് കോമ്പൻസേഷൻ തുകയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി&ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly